UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

# കളരി

VOL: 43 NO: 1
ഫെബ്രുവരി
2020

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

# അതിജീവനത്തിന്റെ മറ്റൊരദ്ധ്യായം


കരുതലോടെ മുന്നോട്ട്

തിരുവനന്തപുരം: കൊറോണയെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച നടപടി പിൻവലിച്ചെങ്കിലും അതീവ ജാഗ്രത തുടരുകയാണ്. എന്നാൽ എല്ലാ ജില്ലകളും അതീവ ജാഗ്രത പാലിക്കണമെന്ന് മന്ത്രി അറിയിച്ചു. തൃശൂർ, ആലപ്പുഴ, കാസർകോട് എന്നിവിടങ്ങളിലാണ് രോഗം സ്ഥിരീകരിച്ചത്. രോഗം കണ്ടെത്തിയ മൂന്നുപേരും വുഹാനിൽ സഹപാഠികളായിരുന്നെന്ന് വ്യക്തമായി. ഇത്തരം ഘട്ടങ്ങളിൽ ഭയത്തേക്കാളേറെ ജാഗ്രതയും കരുതലുമാണ് ജനങ്ങൾ കൈമുതലാക്കേണ്ടതെന്ന് ആരോഗ്യമന്ത്രി കെ. കെ ശൈലജ കൂട്ടിച്ചേർത്തു.

കേരളത്തിൽ കൊറോണ ബാധ സ്ഥിരീകരിച്ചതോടെ അതിർത്തിയിൽ കർണാടക ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന കർശനമാക്കി. കോഴിക്കോട് മൈസൂർ പാതയിലെ മൂലഹള്ള ചെക് പോസ്റ്റിൽ വിശദമായ പരിശോധന തുടരുന്നു. കേരളത്തിൽ നിന്ന് വരുന്ന യാത്രാ വാഹനങ്ങളും ചരക്ക് വാഹനങ്ങളും ബസുകളും പരിശോധിക്കുന്നുണ്ട് . 'നോൺ കോൺടാക്റ്റ് ഇൻഫ്രാ റെഡ് തെർമോമീറ്റർ' ഉപയോഗിച്ച് യാത്രക്കാർക്ക് പനിയുണ്ടോ എന്നാണ് നോക്കുന്നത്. അതിർത്തി പ്രദേശത്തെ ആശുപത്രികളിൽ താൽകാലിക പ്രത്യേക വാർഡുകളും ഒരുങ്ങുന്നു.

ചൈനയിൽ കൊറോണ വൈറസ് ബാധിച്ച് മരിച്ചവരുടെ എണ്ണം 1018 ആയി. 57 പേരാണ് കഴിഞ്ഞദിവസം മരിച്ചത്. പുതിയതായി 42,638 പേർക്ക് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ, ആകെ കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 43,112 ആയതായി ചൈനീസ് സർക്കാർ അറിയിച്ചു.

മുഖ്യമായും ശ്വാസനാളിയെയാണ് കൊറോണ വൈറസ് ബാധിക്കുക. ജലദോഷവും ന്യൂമോണിയയുമാണ് ഈ വൈറസ് ബാധയുടെ ലക്ഷണങ്ങൾ. രോഗം ഗുരുതരമായാൽ സാർസ്, ന്യൂമോണിയ, വൃക്കസ്തംഭനം എന്നിവയുണ്ടാകും, മരണവും സംഭവിക്കാം. ചൈനയിൽ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത് ഇവയിൽ നിന്നും അല്പം വ്യത്യസ്തമായ, ജനിതകമാറ്റം സംഭവിച്ച 'നോവൽ കൊറോണ' എന്ന വൈറസാണ്. സാധാരണ ജലദോഷ പനിയെപോലെ ശ്വാസകോശ നാളിയെയാണ് ഈ രോഗം ബാധിക്കുന്നത്. മൂക്കൊലിപ്പ്, ചുമ, തൊണ്ടവേദന, തലവേദന, പനി തുടങ്ങിയവയാണ് ലക്ഷണങ്ങൾ.

ഇവ ഏതാനും ദിവസങ്ങൾ നീണ്ടുനിൽക്കും. ആരോഗ്യമുള്ളവരിൽ കൊറോണ വൈറസ് അപകടകാരിയല്ല. എന്നാൽ പ്രതിരോധവ്യവസ്ഥ ദുർബലമായവരിൽ, അതായത് പ്രായമായവരിലും ചെറിയ കുട്ടികളിലും ഗർഭിണികളിലും വൈറസ് പിടിമുറുക്കും.

ഇതുവഴി ഇവരിൽ ന്യുമോണിയ, ബ്രോങ്കൈറ്റിസ് പോലുള്ള ശ്വാസകോശ രോഗങ്ങൾ പിടിപെടുകയും ചിലപ്പോൾ മരണം പോലും സംഭവിക്കുകയും ചെയ്യും. കൊറോണ വൈറസിനെ പ്രതിരോധിക്കുന്ന വാക്സിൻ ഇതുവരെ കണ്ടെത്തിയിട്ടില്ല. രോഗ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള ചികിത്സയാണ് ഇപ്പോൾ നൽകുന്നത്.

ഈ രോഗത്തിന് നിലവിൽ പ്രതിരോധ കുത്തിവയ്പ്പോ മരുന്നോ കണ്ടെത്തിയിട്ടില്ല. അതിനാൽ രോഗം വരാതെ സൂക്ഷി ക്കുകയെന്നതാണ് പ്രധാനം. കൊറോണയ്ക്കെതിരെയുള്ള ഫലപ്രദമായ വാക്സിൻ 18 മാസത്തിനുള്ളിൽ ലോകത്താകമാനം വിതരണം ചെയുമെന്ന് ലോകാരോഗ്യ സംഘടന അറിയിച്ചു.

# പരിസ്ഥിതിയോടിണങ്ങി തലസ്ഥാനം

പാർവ്വതി എസ്



തിരുവനന്തപുരം: കേരളസർക്കാർ ജനുവരി ഒന്നുമുതൽ പ്ലാസ്റ്റിക് നിരോധനം കർശനമാക്കിയതോടെ പുത്തൻ പദ്ധതികൾക്ക് തുടക്കമിടുകയാണ് തിരുവനന്തപുരം നഗരസഭ. കുടുംബശ്രീയുടെ സഹകരണത്തോടെ നഗരത്തിലെ അഞ്ച് കേന്ദ്രങ്ങളിലായി തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾക്ക് മുൻ മേയർ വി കെ പ്രശാന്ത് തുടക്കമിട്ടു. ഒരു യൂണിറ്റിൽ ഇരുപതോളം വനിതകളാണ് തുണിസഞ്ചി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. അഞ്ച് കേന്ദ്രങ്ങളിൽ നിന്നും ലക്ഷങ്ങളോളം സഞ്ചികളാണ് ഇതുവരെ ഉൽപ്പാദിപ്പിച്ചിരിക്കുന്നത്. ഈ സഞ്ചികൾ നഗരസഭ ഏർപ്പെടുത്തിയ നിരക്കിൽ ആളുകൾക്ക് വിതരണം ചെയ്തുവരുന്നു. "സ്വന്തമായി തുണി സഞ്ചി നിർമ്മിച്ചുകൊണ്ടിരുന്ന ആളായിരുന്നു ഞാൻ; പിന്നെ ഇങ്ങനെ ഒരു സംരംഭം നഗരസഭ തുടങ്ങുന്നു എന്ന് അറിഞ്ഞപ്പോഴാണ് കൂടെ ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചത്" മുട്ടട യൂണിറ്റ് കൺവീനർ ഗീത പറയുന്നു. തയ്യൽ മെഷീൻ മുതൽ തുണിയും നൂലും കത്രികയും വരെ നൽകുന്നത് നഗരസഭയാണ്. തുണിയുടെ നിലവാരവും തുണിസഞ്ചിയുടെ വിലയും തീരുമാനിക്കുന്നതും നഗരസഭ തന്നെ. ഇതിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുന്നത് നഗരസഭ ഓഫീസറാണ്. അദ്ദേഹത്തിന്റെ അടുത്തെത്തുന്ന ഓർഡറുകൾ ഓരോ യൂണിറ്റ് കൺവീനർമാരെയും വിളിച്ചറിയിക്കുന്നു. അതനുസരിച്ച് യൂണിറ്റിലെ എല്ലാ ജോലിക്കാരും കൂടി സഞ്ചികൾ ചെയ്തു കൊടുക്കും. ഒരു സഞ്ചി നിർമ്മിക്കാൻ 4 മിനിറ്റ് മുതൽ 5 മിനിറ്റ് വരെ സമയസമയമെടുക്കും. രാവിലെ പത്തു മണി മുതൽ വൈകിട്ട് അഞ്ചു മണിവരെ ജോലി ചെയ്യുന്ന ഒരാൾക്ക് ദിവസം 60 മുതൽ 70 സഞ്ചികൾ വരെ നിർമ്മിക്കാം. ഇവരുടെ കൂലിയും നഗര സഭയാണ് നൽകുന്നത്. ഒരു 16 – 18 ഇഞ്ച് തുണി സഞ്ചിക്ക് നഗരസഭ നിരക്ക് 12 രൂപയാണ്. ചെറിയ സഞ്ചികൾ 12 – 10 ഇഞ്ചുകൾ ഉള്ളതാണ്, ഇവയ്ക്ക് 9 രൂപ നിരക്കിലുമാണ് ഇപ്പോൾ നൽകുന്നത്. ഓരോ യൂണിറ്റുകളിലേക്കും നഗരത്തിലെ ഹോട്ടലുകളിൽ നിന്നും, ചാല മാർക്കറ്റിൽ നിന്നും വലിയ രീതിയിൽ ഓർഡറുകൾ ലഭിക്കുന്നു.

പ്ലാസ്റ്റിക് നിരോധനം സർക്കാർ കർശനമാക്കിയതോടെ നഗരസഭയും ഇതിന് ചുക്കാൻ പിടിക്കുകയാണ്. 5 യൂണിറ്റുകളിൽ തുടങ്ങിയ ഈ സംരംഭം തിരുവനന്തപുരം ജില്ലയിൽ നിന്ന് മറ്റുള്ള ജില്ലകളിലേക്കും കൂടുതൽ വ്യാപിപ്പിക്കും. പ്ലാസ്റ്റിക് കവറുകൾ പൂർണ്ണമായും നിരോധിച്ചു തുണിസഞ്ചികളുടെ ഉപയോഗം കൂട്ടുക എന്ന ലക്ഷ്യമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

## കാർഷിക മാമാങ്കത്തിന്റെ അൻപത്താറാണ്ടുകൾ: ഉത്സവലഹരിയിൽ പാലോട്

അദ്വൈത് മിലൻ




**കാ**ത്തിരിപ്പിന് വിരാമമിട്ട് ദക്ഷിണ കേരളത്തിലെ ഏറ്റവും വലിയ കാർഷിക വ്യാപാര വിപണന മേളയ്ക്ക് തുടക്കം. ഫെബ്രുവരി ഏഴിന് ആരംഭിച്ച പാലോട് മേള 10 ദിവസമുണ്ടായിരുന്നു. ആരോഗ്യ വകുപ്പ് മന്ത്രി ശൈലജ ടീച്ചറാണ് മേളയുടെ 67ാം പതിപ്പിന്റെ ലോഗോ പ്രകാശനം ചെയ്തത്.

തിരുവനന്തപുരം നഗരത്തിലെ തിരക്കുകളിൽ നിന്ന് 35 കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്ന മലയോര ഗ്രാമമാണ് പാലോട്. കാർഷിക സംസ്കൃതിയുടെ ഭൂതകാലമാണ് നൂറ്റാണ്ട് പിന്നിട്ട പാലോട് മേളയുടെ അടിത്തറ. 1963 ഫെബ്രുവരി ഏഴിന് തുടങ്ങി 10ന് അവസാനിച്ച കന്നുകാലിച്ചന്തയാണ് പിന്നീട് കാർഷിക മഹോത്സവമായി വളർന്നത്. പശ്ചി മഘട്ടത്തിലെ ഭാഗമായ പൊന്മുടിയിലെ താഴ്വരയിൽ സമൃദ്ധമായ നെൽപ്പാടങ്ങൾ ആയിരുന്നു ഇതിന്റെ അടിത്തറ.

പരമ്പരാഗതമായി കാർഷിക വൃത്തി തൊഴിലായി സ്വീകരിച്ചിരുന്ന ഇവിടത്തെ ജനങ്ങൾ നില മുഴുവനും മറ്റു കാർഷിക ആവശ്യങ്ങൾക്കുമായി ലക്ഷണമൊത്ത കാലികൾക്ക് വേണ്ടി നടത്തിയ അന്വേഷണം കാളച്ചന്തയിൽ എത്തി നിൽക്കുകയായിരുന്നു. തമിഴ്നാട്ടിൽനിന്നും ചെങ്കോട്ട വഴി കാലികളെ കച്ചവടത്തിന് കൊണ്ടുവന്നു തുടങ്ങിയ മേള പിന്നീട് കാർഷിക ഉൽപന്നങ്ങളുടെ വിപണന വിൽപ്പന കേന്ദ്രമായി. കാലാനുസൃതമായ മാറ്റങ്ങൾ പിന്നീട് കാളചന്തയെ പാലോട് മേളയാക്കി മാറ്റി. വിവിധയിനം സസ്യജാലങ്ങളുടെ വിപണനവും വിൽപ്പനയും വിനോദത്തിനു വേണ്ടിയുള്ള അമ്യൂസ്മെന്റ് പാർക്കുകളുടെ കടന്നുവരവും മേളയുടെ കൊഴുപ്പ് കൂട്ടാൻ തുടങ്ങി. പതിനായിരക്കണക്കിന് കാഴ്ചക്കാർ എത്തുന്ന പാലോട് മേളയിൽ വിവിധ വിഭാഗങ്ങളിലായി 250 പരം പ്രദർശന സ്റ്റാളുകൾ ഉണ്ടാകാറുണ്ട്. ഇതിനുപുറമേ പ്രായഭേദമന്യേ നടത്തിവരുന്ന കലാകായിക മത്സരങ്ങൾ മേളയുടെ സാംസ്കാരിക തനിമ വിളിച്ചോതുന്നു. വിനോദവും വിജ്ഞാനവും പകർന്നു നൽകുന്ന ഈ കൂട്ടായ്മ വർഷംതോറും സൗജന്യ വൈദ്യപരിശോധന ക്യാമ്പുകൾ, കാർഷിക സെമിനാറുകൾ, ചലച്ചിത്ര പ്രദർശനങ്ങൾ തുടങ്ങിയവ മുടക്കം കൂടാതെ സംഘടിപ്പിച്ചുവരുന്നു.ഗ്രാമചാരുതയുടെ പുനരുജ്ജീവനം ആണ് ഓരോ പാലോട് മേളയും വിഭാവനം ചെയ്യുന്നത്.

# വേരുറയ്ക്കട്ടെ വീണ്ടുവിചാരം

ഭവ്യ ആർ സുകുമാരൻ


അനിൽകുമാർ എം. ആർ.

കണ്ടലുകൾക്കൊപ്പം ജീവിതം നയിക്കുന്ന പരിസ്ഥിതി സ്നേഹിയായ ഒരാൾ കായംകുളത്തും ഉണ്ട്. ദീർഘകാലത്തെ ഔദ്യോഗിക ജീവിതത്തിനു ശേഷം സ്വന്തം ഭൂമിയിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിൽ കണ്ടലുകൾ വച്ചുപിടിപ്പിച്ച് വിജയശ്രീലാളിതനായ അനിൽകുമാർ എം ആർ.

ഔദ്യോഗിക ജീവിതത്തിൽ ഏറിയ പങ്കും അഗ്രികൾച്ചറൽ എൻജിനീയറായി സേവനമനുഷ്ഠിച്ച അദ്ദേഹം മണ്ണിനെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ അനുകരണീയമാണ്. പത്തനംതിട്ട ചെന്നീർക്കര സ്വദേശിയായ അനിൽകുമാർ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിന്ന് പ്രീഡിഗ്രി പഠനം പൂർത്തിയാക്കി. തുടർന്ന് കോളേജ് ഓഫ് എൻജിനീയറിംഗിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടി. 2006 ജൂലൈ മുതൽ 2009 ജൂൺ വരെ സംസ്ഥാന ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2013 മാർച്ച് 31ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയാണ് വിരമിച്ചത്. അനുഭവപാഠങ്ങൾ വിശ്രമ ജീവിതത്തിലും അദ്ദേഹത്തിന് ഊർജ്ജവും ഉത്തേജനവും നൽകി എന്നതിനുള്ള തെളിവാണ് മൂന്നര ഏക്കറോളം വ്യാപിച്ചുകിടക്കുന്ന കണ്ടൽ വനവും അനുബന്ധ കൃഷികളും കേരളത്തിൽ 700 ചതുരശ്ര കിലോമീറ്റർ കണ്ടൽകാടുകൾ ഉണ്ടായിരുന്നത് ഇന്ന് വെറും 17 ചതുരശ്ര കിലോമീറ്ററായി കുറഞ്ഞിരിക്കുന്നു. വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കണ്ടൽകാടുകളുടെ പ്രാധാന്യത്തെപ്പറ്റി പുതുതലമുറയിലെ വിദ്യാർഥികൾക്ക് അവബോധം നൽകുന്നതിനൊപ്പം കണ്ടൽകാടുകളെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയും അനിൽ കുമാർ അഹോരാത്രം പ്രയത്നിക്കുന്നു.

വെള്ളപ്പൊക്കം, വേലിയേറ്റം, സുനാമി എന്നിവ തടയുന്ന കണ്ടൽകാടുകൾ മത്സ്യസമ്പത്തിന്റെ ഉറവിടം കൂടിയാണ്. ഈ സാധ്യതകൾ കണക്കിലെടുത്ത് അദ്ദേഹം കണ്ട ലുകൾക്കൊപ്പം വലിയതോതിലുള്ള മത്സ്യകൃഷിയും നടത്തിവരുന്നു. സാമൂഹിക വനവൽക്കരണ വിഭാഗത്തിൽ നിന്ന് വാങ്ങിയ 200 കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ച് തുടങ്ങിയ അനിൽകുമാറിനെ പുരയിടം ഇന്ന് പലയിനം കണ്ടലുകളുടെ സാമ്രാജ്യമാണ്.

കണ്ടൽ ചെടികളുടെ പ്രാധാന്യം മനസ്സിലാക്കി ആലപ്പുഴ ജില്ലയിൽ കായംകുളം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലുടനീളം അവ നട്ടുവളർത്തുന്ന പദ്ധതിക്ക് അദ്ദേഹം നേതൃത്വം നൽകിവരുന്നു. ആവശ്യാനുസരണം കണ്ടൽച്ചെടികൾ ലഭ്യമാക്കുന്നതിനായി സ്വന്തമായി കണ്ടൽ നഴ്സറിയും നടത്തിവരുന്നു.

കണ്ടൽ സംരക്ഷണ രംഗത്ത് രാപ്പകൽ പണിയെടുക്കുന്ന അനിൽകുമാറിന് പിന്തുണയുമായി കൃഷിവകുപ്പ് അസിസ്റ്റന്റ് ആയി വിരമിച്ച ഭാര്യ മിനിയും കൂടെയുണ്ട്. വംശനാശഭീഷണി നേരിടുന്ന കണ്ടൽ ചെടികളും അനുബന്ധ പരിസ്ഥിതിയും ഒക്കെ കേരളത്തിന്റെ പ്രകൃതി സൗന്ദര്യത്തിന് അഭിവാജ്യ ഘടകങ്ങളാണ്. കേരളത്തിലെ സമ്പത്തിക പുരോഗതിക്കും കടലാക്രമണത്തിൽ നിന്നുള്ള രക്ഷയ്ക്കും മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനും കണ്ടലുകളുടെ സംരക്ഷണം അത്യന്താപേക്ഷിതമാണ്. അനിൽകുമാറിനെ പോലുള്ള പ്രകൃതിസ്നേഹികൾ ഈ ലോകത്തോട് വിളിച്ചു പറയുന്ന മനോഹരമായ കുറച്ചു സത്യങ്ങൾ ഉണ്ട്. 'പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണം നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഒന്നാണ് എന്നുള്ള സത്യം'.

# നാളെയുടെ പുഴകൾ

അമൽ എം ബി

*“ഒടുവിലെ കിളിയും പറക്കയായി*
*കടലിന് അക്കരെയ്ക്ക്*
*ഒരിറ്റു തണ്ണീരിനായി”*

**1980**കളിൽ കവി മധുസൂദനൻനായർ എഴുതിയ വരികളാണിവ. വർഷങ്ങൾക്കിപ്പുറം അദ്ദേഹം കേരള സർവകലാശാലയുടെ കീഴിലുള്ള കാര്യവട്ടം ക്യാംപസിലെ ചടങ്ങിൽ ഉദ്ഘാടകനായി എത്തുമ്പോഴും അദ്ദേഹത്തിന്റെ കവിതകളുടെ ഭംഗി പോലെ തന്നെ വരികളുടെ പ്രസക്തിയും തെല്ലും നഷ്ടപ്പെടുന്നില്ല. കേരളത്തിലെ ജലസ്രോ തസ്സുകൾ മലിനീകരണം കൊണ്ടും അന്തരീക്ഷ വ്യതിചലനങ്ങൾ കൊണ്ടും നശിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അക്വാട്ടിക് ബയോളജി വകുപ്പ് സംഘടിപ്പിച്ച റിവേഴ്സ് ഫോർ ഫ്യൂച്ചർ എന്ന ത്രിദിന രാജ്യാന്തര സെമിനാർ ഉദ്ഘാടനം ചെയ്യാൻ എത്തിയതായിരുന്നു അദ്ദേഹം.

'അനശ്വരമായി പ്രവഹിക്കുന്ന ഓർമ്മകൾ, അനുഭവങ്ങൾ, വികാരങ്ങൾ, ജീവൻ അതാണ് പുഴകൾ. നമ്മുടെ പെറ്റമ്മയും പോറ്റമ്മയും എല്ലാമായ 44 പുഴകളെ കൊന്നൊടുക്കുവാൻ മനുഷ്യൻ വേണ്ടി വന്നത് 25 വർഷങ്ങളിൽ താഴെ. ജലത്തെ തീർത്ഥം എന്ന് വിളിക്കുന്നത് അവ പാപങ്ങളിൽ നിന്ന് തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നതിനാലാണ്. എന്നാൽ ക്രൂരനായ മനുഷ്യൻ ഇന്ന് സ്വന്തം അമ്മയെ കൊന്നു തിന്നുന്നത് പോലെ, അതെ തീർത്ഥത്തെ തന്നെ നശിപ്പിച്ചിക്കുന്നു'. വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിരവധി പ്രമുഖർ പങ്കെടുത്ത, ഫെബ്രുവരി 5, 6, 7 തീയതികളിൽ നടന്ന രാജ്യാന്തര സെമിനാറിന്റെ ഉദ്ഘാടന വേളയിൽ അദ്ദേഹം പറഞ്ഞു.

അമൃതുപോലെ വിലപ്പെട്ട ശുദ്ധ വെള്ളത്തെ കുടിക്കാൻ പോലും യോഗ്യം അല്ലാത്ത വിധം മലിനമാക്കിയ ഹീന പ്രവൃത്തിയിൽ നാം ലജ്ജിക്കേണ്ടതു ണ്ടെന്നും. പുഴകളെ വീണ്ടെടുക്കുന്നതിന് വേണ്ടിയുള്ള ഇച്ഛാശക്തിയും അധ്വാനവും നമ്മളിൽ നിന്നും ഉണ്ടാവേണ്ടതുണ്ടെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രകൃതിയുടെ ഏറ്റവും വലിയ അനുഗ്രഹമായ ജലസ്രോതസ്സുകളെ നികത്തി അവിടെ മാളുകൾ കെട്ടി അതിൽ സ്വിമ്മിങ് പൂളുകൾ ഉണ്ടാക്കി ആനന്ദം കണ്ടെത്തുന്ന ലോകത്തിലെ ഏറ്റവും വകതിരിവുള്ള ജീവി എന്ന അഹങ്കാരം പേറുന്ന മനുഷ്യന്റെ മൂഢത്വവും, അനന്തമായ ജലസ്രോതസ്സുകൾ ഉണ്ടായിട്ടും അവ സംരക്ഷിക്കാതെ ഇടുങ്ങിയ കഴുത്തുള്ള കുപ്പികളിൽ 20 രൂപയ്ക്ക് കുടിവെള്ളം വിൽക്കുന്ന മനുഷ്യന്റെ സ്വാർത്ഥതയും മധുസൂദനൻ നായർ ചൂണ്ടിക്കാട്ടി. സംരക്ഷിക്കേണ്ടതിനെയെല്ലാം നശിപ്പിച്ചിട്ട് ദുഃഖം നടിക്കുന്ന കൃത്രിമ ഉപഭോഗ ജീവികളായി മനുഷ്യൻ അധഃപതിക്കുമ്പോൾ കിളികൾ കടൽ കടന്ന് ഒരിറ്റു തണ്ണീർ തേടി അലയുന്നത് പോലെ മനുഷ്യനും ഭൂഖണ്ഡങ്ങൾ താണ്ടി ദാഹനീര് തേടി പറക്കേണ്ട യുഗം വിദൂരമല്ല.



# പാട്ട് പറഞ്ഞ് ഊരാളി എക്സ്പ്രസ്സ്

ആർഷ വിജയൻ എൽ

*"തനിച്ചു നമ്മൾ മണ്ണിൽ വന്നു
തനിച്ചു തന്നെ കടന്നു പോകും
ഇതിനിടയ്ക്ക് നേരമൽപ്പം
ഇവിടെ നമ്മൾ കണ്ടു മുട്ടും"*



**ഊരിൽനിന്നും ഊരിലേക്ക് ഊരാളികൂട്ടം:** *ഊരാളി ബാൻഡിലെ അംഗങ്ങളായ ഡയാന, സജി, സനന്ദൻ, സുധീഷ്, അർജുൻ, ഷാജി, മാർട്ടിൻ എന്നിവർ*

മൃദുവായി പാട്ട് പാടി, അതിൽ പരുക്കമായ ഒരു കഥയെ ഒളിപ്പിച്ചു, കേൾവിക്കാരനെ ചിന്തിപ്പിക്കുന്ന ഒരു ബാൻഡ്, അതാണ് ഊരാളി. ബാൻഡ് എന്നതിനേക്കാൾ കലാകൂട്ടായ്മ എന്ന വാക്കാണ് ഊരാളിക്ക് ഇണങ്ങുന്നത്. പേരിൽ തുടങ്ങുന്ന ഈ വ്യത്യസ്തത വസ്ത്ര ധാരണത്തിലും, അവതരണ ശൈലിയിലും വരെ കാണുന്നു.

ഊരാളി എന്നാൽ ഊരിന്റെ കാവൽക്കാരൻ എന്നും, കരുതലോടെ ദൗത്യം ഏറ്റെടുക്കുന്ന ഗോത്ര നായകൻ എന്നും നിരവധി അർഥങ്ങൾ ഉണ്ട്. പക്ഷെ ഇതിലേറ്റവും വിചിത്രം കോഴിക്കോടൻ ഭാഷയിൽ ഊരാളി എന്നാൽ ചട്ടമ്പി ആയ കലാകാരൻ എന്നാണ്. അതെ.. ഒരുതരത്തിൽ ഈ സംഘം ചട്ടമ്പികൾ തന്നെയാണ്. സമൂഹത്തെ കൃത്യമായി വീക്ഷിക്കുകയും, തെറ്റിനെതിരെ ഒരുമടിയും ഇല്ലാതെ വിരൽ ചൂണ്ടുകയും ചെയ്യുന്ന നന്മയുടെ ചട്ടമ്പികൾ.

പഞ്ചാബിൽ ജനിച്ച ബസിനെ തൃശൂർ എത്തിച്ചു ഊരാളി എക്സ്പ്രസ്സ് ആക്കി, അതിൽ നാടകവും, പാട്ടുമൊക്കെയായി കലയുടെ യാത്ര തുടങ്ങിയിട്ട് ആറു വർഷം പിന്നിട്ടിരിക്കുകയാണ്. വളരെ ചെറിയ കാലയളവിനുള്ളിൽ ഇവർ നൽകുന്നത് ഒത്തൊരുമയുടെ.നല്ല കൂട്ടിന്റെ ശക്തമായ വിജയമാണ്. സത്യത്തിനു നേരെ ചെവികൊടുക്കാൻ താല്പര്യ കുറവുള്ള മലയാളിക്കിടയിൽ താളമുള്ള പാട്ടുകളിലൂടെ ശരികൾ പറയുകയാണ് ഊരാളി.

ഓരോ വേദിയിലും നിറയുന്ന പുതുമ തന്നെയാണ് ഊരാളിയുടെ വലിയ നേട്ടം. കാലിക പ്രസക്തിയുള്ള വിഷയങ്ങളെ പാട്ടായി ആവിഷ്ക്കരിച്ചു വേറിട്ട ആസ്വാദന അനുഭവം കേൾവിക്കാരന് നൽകുന്നു.വാമൊഴിയുടെ ചരിത്രം ഇന്നും നിലനിൽക്കുന്ന ഈ മണ്ണിൽ വായ്പ്പാട്ടിന്റെ പുത്തൻ അനുഭവം പങ്കുവയ്ക്കുന്നു ഇവർ.ട്രാഫിക്കും, മലിനീകരണവും, തിരക്കേറിയ ജീവിത ശൈലിയുമെല്ലാം ഇവർ പറയുന്ന പാട്ടുകളിലൂടെയല്ലാതെ മനോഹരമായി അവതരിപ്പിക്കാൻ കഴിയുമോ എന്നത് സംശയം.

*"സർവ്വരും സ്വാതന്ത്രരല്ലെ മണ്ണിൽ
നീതി തുല്യത എല്ലാർക്കും ഒരുപോലല്ലേ മണ്ണിൽ
സ്വർണം പോലെ തിളങ്ങും ലിപിയിൽ
കുറിച്ചുവച്ചു അവകാശം
എന്തിനുമെതിനുമെപ്പൊഴും എല്ലാവർക്കും അവകാശം"*

ഹൈദരാബാദ് സർവകലാശാല ദളിത് വിദ്യാർത്ഥി രോഹിത് വെമുലയുടെ ആത്മഹത്യയിൽ നിന്ന് ജനിച്ച വരികളാണിവ. അവകാശങ്ങൾ എഴുതി വച്ചിട്ടേ ഉള്ളൂ... സ്വർണത്തിളക്കത്തിൽ അതങ്ങനെ തന്നെ തുടരുന്നതല്ലാതെ അത് അനുഭവിക്കാൻ കിട്ടാത്ത ഈ കാലഘട്ടത്തിനെതിരെയുള്ള പ്രതിഷേധ പറച്ചിലാണ് ഈ പാട്ട്..

അശുദ്ധതയുടെ പ്രതീകമായി കണ്ട ആർത്തവവും ഊരാളി വിഷയമാക്കി. സ്ത്രീയും പുരുഷനും അല്ലാ പകരം മനുഷ്യരായി അറിഞ്ഞാൽ തീരാവുന്ന അശുദ്ധിയെ ആർത്തവത്തിനുള്ളൂ എന്ന് താളത്തോടെ അവർ ഉച്ചത്തിൽ പാടി പറഞ്ഞു. മനസിനുള്ളിലുള്ള ചൈതന്യത്തെ തേടി പോകുന്ന മനുഷ്യരും അവരുടെ പാട്ടിന്റെ വരികളായി. വിശ്വാസം എന്നാൽ മറ്റുള്ളവനെ മുറിപ്പെടു താത്തത്! ആണെന്നു അവർ ഓർമിപ്പിച്ചു. അങ്ങനെ ഒരു യുവത്വത്തിന്റെ മുഴുവൻ ആവേശമായി അവർ പാട്ടു പറയുന്നു.

പ്രതിസന്ധിയിലാഴ്ത്തിയ പൗരത്വ ഭേദഗതി ബില്ലിനെതിരെയും ശ്കതമായി അവർ ശബ്ദമുയർത്തി. അതിനായി പല പല ദേശങ്ങളിൽ പല പല വേദികൾ അവർ കണ്ടെത്തി. ചുട്ടുപൊള്ളുന്ന വരികളിൽ പലരും വെന്തുരുകുന്നു..ചിലർ അവരെ സ്വന്തം ശബ്ദമായി കരുതുന്നു.ഒരു രക്ഷിതാവിന്റെ ഭാവത്തോടെ അവർ മുന്നേറുന്നു.ഇനിയും ദൗത്യങ്ങൾ ഏറെയാണ്.കഠിനമായ അക്ഷരങ്ങൾ ഇനിയും ജനിക്കും.ഊരാളി എക്സ്പ്രസ്സ് ഊര് മുഴുവൻ പാട്ടു പറഞ്ഞു നീങ്ങും...

*"നീ ഞാൻ എങ്കിരുന്ത് വന്നത്
ഞാൻ നീ ഇങ്ക താൻ മുളച്ചത്
ഒറ്റ മണ്ണ് പെറ്റ നമ്മൾ ഒറ്റ ജാതി ഒറ്റ വർഗം
ജീവനപൊരുതതിൽ
ഒത്തു ചേർന്ന് പോയിടാം"*



# മിത്തുകൾ കഥപറയുമ്പോൾ

നാൻസി കെ യു

പൂരങ്ങളുടെ നാടായ തൃശ്ശൂരിൽ 'ഭരണി' എന്ന ആചാരം കൊണ്ട് ശ്രദ്ധ നേടിയ ഒരു ക്ഷേത്രം ഉണ്ട്. ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രം. കൊടുങ്ങല്ലൂർ ക്ഷേത്രം എന്ന പേരിലാണ് ഇവിടം പ്രസിദ്ധമായത്. കേരളത്തിലെ 64 ഭദ്രകാളി ക്ഷേത്രങ്ങളുടെ തലവനായാണ് കൊടുങ്ങല്ലൂർ ക്ഷേത്രത്തെ കാണുന്നത്.

ആദ്യകാലത്തു ഇതൊരു ശിവക്ഷേത്രം ആയിരുന്നെന്നും പിന്നീടവിടെ പരശുരാമൻ ഭദ്രകാളി മൂർത്തിയെ ശിവനു സമീപം സ്ഥാപിച്ചു എന്നുമാണ് ചരിത്രം പറയുന്നത്. അതോടൊപ്പം ആദിശങ്കരാചാര്യൻ സ്ഥാപിച്ച അഞ്ചു ശ്രീചക്രങ്ങൾ കൊടുങ്ങല്ലൂർ ദേവിയുടെ ശക്തിയുടെ ഉറവിടമായും കാണുന്നു. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു ധാരാളം ചരിത്രങ്ങൾ അഥവാ ഐതീഹ്യങ്ങൾ എക്കാലത്തും നിലകൊള്ളും. അങ്ങനെ നിലകൊള്ളുന്ന മറ്റൊരു ഐതീഹ്യമാണ് ചിലപ്പതികാരത്തിലെ കണ്ണകി മധുരാ നഗരത്തെ അഗ്നിക്കിരയാക്കി കൊടുങ്ങല്ലൂരിൽ എത്തി ശാന്തയായി വിഗ്രഹത്തിൽ ലയിച്ചു എന്നത്.

മീന മാസത്തിലെ ഭരണി നാളിൽ നടത്തുന്ന കൊടുങ്ങല്ലൂർ ഭരണി മീനഭരണി എന്നും അറിയപ്പെടുന്നു. ദാരിക വധത്തിനു ശേഷം കലിപൂണ്ടുവരുന്ന ദേവിയുടെ കോപമടക്കാൻ വേണ്ടിയാണു ഭരണി നടത്തുന്നത്. മീന ഭരണിക്ക് തുടക്കം കുറിക്കുന്നത് അശ്വതി കാവുതീണ്ടലിൽ നിന്നാണ്. കാവിൽ ചുവപ്പ് ചാർത്തി വെളിച്ചപ്പാടുകൾ പട്ടു ചുറ്റി നൃത്തം ചെയ്ത് ദേവിയെ പ്രാർത്ഥിക്കുന്നു. ദേവിയും ഭക്തരുമായുള്ള ആത്മീയ ബന്ധത്തിന്റെ ആക്കം കൂട്ടാൻ വെളിച്ചപ്പാടു തുള്ളി വാളുകൊണ്ട് തലക്ക് അടിക്കുകയും, ഭക്തർ അമ്പലത്തിന്റെ കഴുക്കോലിൽ അടിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഭക്തർ മേൽക്കൂരയ്ക്ക് മുകളിലൂടെ അകത്തെ ചെതുർഭുജത്തിലേക്ക് വഴിപാടുകൾ എറിയുകയും ചെയ്യുന്നു. കൊടുങ്ങല്ലൂരും തോണ്ടിയും തമ്മിലുള്ള പുരാതന ബന്ധത്തിൽ നിന്നാണ് ഈ ആചാരങ്ങൾ ഉണ്ടായതെന്നു പറയപ്പെടുന്നു.

ലൈംഗികാവയവങ്ങളെയും പ്രവർത്തികളെയും വിവരിച്ചു സ്ത്രീ പുരുഷ വ്യത്യാസം ഇല്ലാതെ പാടുന്ന പാട്ടാണ് 'ഭരണി പാട്ട്'. തെറിപ്പാട്ട് എന്നും ഇതറിയപ്പെടുന്നു. ഇത് ചൊല്ലുക വഴി ദേവിയുടെ ശരീരത്തിലെ ഊർജത്തെ അവരിലേക്ക് ആവാഹിക്കുമെന്ന വിശ്വാസമുണ്ട്. ഇതിലൂടെ ദേവിയുടെ കോപത്തെ ശമിപ്പിക്കുന്നുവത്രെ. ക്ഷേത്രത്തിനു പിന്നിലെ യഥാർത്ഥ ചരിത്രം എന്താണെന്ന് അറിയില്ല എന്നതാണ് സത്യം. ബുദ്ധ മതത്തിലെ പടിനിക്ക് ചിലപ്പതികാരത്തിലെ കണ്ണകിയുമായി ബന്ധമുണ്ടെന്നാണ് കരുതപ്പെടുന്നത്. എട്ടാം നൂറ്റാണ്ടിൽ കേരളത്തിൽ ബ്രാഹ്മണ മേധാവിത്വം ഉയർന്നു വന്നപ്പോൾ മറ്റ് ഹിന്ദുക്കളുടെ പ്രതിരോധത്തിൽനിന്നാണ് ഉത്സവം പിറന്നതെന്നു ചരിത്രകാരൻമാർ പറയുന്നു. ബുദ്ധൻമാരുടെ കേന്ദ്രം ഏറ്റെടുക്കാൻ ശ്രമിച്ച ഹിന്ദുക്കൾക്കെതിരെ പ്രദേശവാസികളും ബുദ്ധസന്യാസിമാരും ഉപയോഗിച്ച അശ്ലീല ഭാഷകളിൽ നിന്നാണ് ഇന്നത്തെ ഭരണിപ്പാട്ടിന്റെ ആരംഭം എന്നാണ് മറ്റൊരു വാദം.

കൃത്യമായ തെളിവുകളുടെ അഭാവവും കേട്ടറിഞ്ഞതിലെ വ്യത്യസ്തതകളുമെല്ലാം പ്രദാനം ചെയ്യുന്നത് ഒരു ആചാരത്തെ കുറിച്ചുള്ള പറഞ്ഞാൽ തീരാത്ത കഥകൾ ആണ്.

## എഡിറ്റോറിയൽ

# തല്ലിയും തലോടിയും കേരള ബജറ്റ്

**രൂ**ക്ഷമായ സാമ്പത്തിക മാന്ദ്യത്തിനും, അടിസ്ഥാന വികസനത്തിനും ഒരുപോലെ പ്രാധാന്യം നൽകുന്ന ബജറ്റാണ് ധനകാര്യ വകുപ്പ് മന്ത്രി തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിച്ചത്. വികസനപദ്ധതികൾ അക്കമിട്ട് നിരത്തുന്നതിനൊപ്പം സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയും അഭിസംബോധന ചെയ്യുന്ന ബജറ്റിൽ പാക്കേജുകളുടെ ആവർത്തനം കല്ലുകടി സൃഷ്ടിക്കുന്നു.

ചെലവ് ചുരുക്കൽ, വിവിധ വകുപ്പുകളിലേ നിയമനനിയന്ത്രണം, വർദ്ധിപ്പിച്ച നികുതി തുടങ്ങിയവയിലൂടെ വരുമാനം കൂട്ടി ബാധ്യതകൾ ഒഴിവാക്കാനാണ് ശ്രമം.കെട്ടിട നികുതി വർധനവ്,ഭൂമിയുടെ ന്യായവില വർധനവ്, വർദ്ധിപ്പിച്ച വാഹന നികുതി തുടങ്ങിയവ വരുമാനം കൂട്ടാനുള്ള ഉപാധികളായി ബജറ്റിൽ കാണാം. ക്ഷേമ പെൻഷനുകളിലെ വർധനവ്, ലൈഫ് പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷം പുതിയ വീടുകൾ എന്നിവ പ്രശംസ അർഹിക്കുന്നവയാണ്.വിട്ടൊഴിയാതെ വലയ്ക്കുന്ന പ്രളയത്തിന്റെയും, മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും പാശ്ചാത്തലത്തിൽ ദുരന്തനിവാരണ വകുപ്പിനായി 1034 കോടി വകയിരുത്തിയതും അഭിനന്ദനം അർഹിക്കുന്നു.

സ്ത്രീകേന്ദ്രീകൃത പദ്ധതികൾക്കായി 1509 കോടി രൂപ അനുവദിച്ചതും ശ്രദ്ധേയമായി. ആശാ വർക്കർമാരുടെയും, പ്രീപ്രൈമറി അധ്യാപകരുടെയും ഓണറെറിയം വർധിപ്പിച്ചതും, മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളും, പ്രവാസിക്ഷേമ സംരംഭങ്ങളും എടുത്ത് പറയേണ്ടവയാണ്. പ്രാദേശിക സംരംഭങ്ങളിലൂടെ പ്രതിവർഷം 1.5 ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ബജറ്റ് സ്റ്റാർട്ട് അപ്പുകൾക്കും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നു. പൊതുവിദ്യാഭ്യാസത്തിനായി 19,130 കോടി രൂപ വകയിരുത്തിയത് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പുവരുത്തുമെന്നും പ്രത്യാശിക്കാം.

കുട്ടനാട്, ഇടുക്കി, തീരദേശം തുടങ്ങി പതിവ് പാക്കേജുകൾ ഇത്തവണയും ഉണ്ടെന്നത് പാതിവഴിയിൽ നിന്ന് പോയ പല പാക്കേജുകളുടെയും ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നു.കഴിഞ്ഞ വർഷം ഇടുക്കിക്ക് വേണ്ടി നീക്കിവച്ച 5000 കോടി എങ്ങുമെത്താത്തത് ഇതിനൊരുദാഹരണം മാത്രം. കേരളം വൈറസുകളുടെ പിടിയിലമർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ ആരോഗ്യമേഖലയിൽ കാര്യമായ നിക്ഷേപം കാണാൻ കഴിയുന്നില്ല. ഇതിനെല്ലാം പുറമെ പദ്ധതികൾ നടപ്പിലാക്കാനുള്ള പണം കിഫ്ബിയിൽ നിന്ന് കടമെടുക്കുമ്പോൾ അതിന്റെ തിരിച്ചടവ് ആശങ്ക ഉണ്ടാക്കുന്ന വസ്തുതയാണ്.

മുൻവർഷങ്ങളിലേ പതിവ് കാഴ്ച പോലെ പ്രഖ്യാപനങ്ങൾ കടലാസിൽ മാത്രമൊതുങ്ങുന്ന സ്ഥിതി വിശേഷം മാറേണ്ടത് അനിവാര്യമാണ്.പ്രഖ്യാപനങ്ങൾ യഥാർത്ഥമാകണം. ഈ ബജറ്റിന് അത് കഴിയുമോ എന്നത് കാത്തിരുന്നു കാണേണ്ടതാണ്.

# CAA തീയിൽ ക്യാമ്പസ് പൊള്ളുമ്പോൾ

*കിരൺ എസ് കുറുപ്പ്*



**ആഘോഷത്തിന്റെ ആരവമല്ല, പ്രതിഷേധത്തിന്റെ അലമുറയാണ്:** *ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് കാര്യവട്ടം ക്യാമ്പസ്സിൽ സി.എ.എ.യ്ക്കെതിരെ നടന്ന പ്രതിഷേധ റാലി*

കാര്യവട്ടം : കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ സി .എ .എ (സിറ്റിസൺഷിപ്പ് അമെൻഡ്മെന്റ് ആക്ട്) ബില്ലിനെതിരെ കേരള സർവകലാശാല ക്യാമ്പസ്സിലെ വിദ്യാർഥികൾ പ്രധിഷേധ ജാഥ നടത്തി. ഡിസംബർ 20 നു ക്യാമ്പസ്സിലെ ക്രിസ്തുമസ് ആഘോഷത്തിലായിരുന്നു പ്രതിഷേധ പരിപാടി സംഘടിപ്പിച്ചത്. കാര്യവട്ടം മെൻസ് ഹോസ്റ്റലിൽ നിന്ന് തുടങ്ങി ക്യാമ്പസ് മുൻ ഗേറ്റ് വരെയായിരുന്നു പ്രധിഷേധം.

പ്രതിഷേധ സൂചകമായി സെന്റർ സർക്കിളിൽ കറുത്ത നിറമുള്ള സ്റ്റാർ നാട്ടി. സി. എ. എ യ്ക്ക് എതിരെ സാന്റാ എന്നായിരുന്നു സ്റ്റാറിൽ എഴുതിയിരുന്നത്. വിദ്യാർഥികൾ ജാഥയിൽ ആസാദി മുദ്രാവാക്യം ഉയർത്തിയാണ് പ്രതിഷേധിച്ചത്. കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് യൂണിയനും റിസർച്ചേഴ്സ് യൂണിയനുമാണ് ജാഥയ്ക് നേതൃത്വം നൽകിയത്. പ്രതിഷേധ ജാഥയെ അഭിസംബോധന ചെയ്ത് റിസെർച്ചേഴ്സ് യൂണിയൻ ചെയർമാൻ സ്റ്റാലിൻ സംസാരിച്ചു.


1955ലെ പൗരത്വ ബില്ലിലാണ് കേന്ദ്ര സർക്കാരിപ്പോൾ ഭേദഗതി കൊണ്ട് വന്നിരിക്കുന്നത്. ഇന്ത്യയിൽ മതിയായ രേഖകളില്ലാതെ അഫ്ഘാനിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കുടിയേറിയ ഹിന്ദു, സിഖ്, ബുദ്ധ, ക്രിസ്ത്യൻ മത വിഭാഗക്കാർക്ക് പൗരത്വം നൽകുന്നതാണ് ബില്ല്. മുൻപ് ഇന്ത്യയിൽ പതിനൊന്നു വർഷം സ്ഥിരതാമസമാക്കിയവർക്കാണ് പൗരത്വം നൽകിയിരുന്നത്. നിലവിലെ ഭേദഗതിയോടെ ഇത് ആറു വർഷമായി ചുരുങ്ങും. 1955 ലെ പൗരത്വ നിയമ പ്രകാരം ഇന്ത്യയിൽ ജനിച്ചവർക്കോ മാതാപിതാക്കൾ ഇന്ത്യക്കാർ ആയവർക്കോ ഒരു നിശ്ചിത കാലയളവിൽ കൂടുതൽ ഇന്ത്യയിൽ ജീവിച്ച വ്യക്തിക്കോ ആണ് ഇന്ത്യൻ പൗരത്വം ലഭിക്കുക. നിയമ പ്രകാരം അനധികൃത കുടിയേറ്റക്കാർക്ക് ഇന്ത്യൻ പൗരനാകാൻ


# ഓസ്കാർ ഒറ്റനോട്ടത്തിൽ






**മികച്ച ചിത്രം** – *പാരസൈറ്റ്*
**മികച്ച സംവിധായകൻ** – *ബോങ്ജൂൻ ഹോ (പാരസൈറ്റ്)*
**മികച്ച നടൻ** – *വാകീൻ ഫീനിക്സ് (ജോക്കർ)*
**മികച്ച നടി** – *റിനെ സെൽവികർ (ജൂഡി)*
**മികച്ച സഹനടൻ** – *ബ്രാഡ് പിറ്റ് (വൺസ്സ് അപ്പോൺ എ ടൈം ഇൻ ഹോളിവുഡ്)*
**മികച്ച സഹനടി** – *ലോറ ഡേൺ (മാര്യേജ് സ്റ്റോറി)*
**മികച്ച തിരക്കഥ** – *പാരസൈറ്റ്*
**മികച്ച വിദേശ ഭാഷ ചിത്രം** – *പാരസൈറ്റ്*
**മികച്ച ഡോക്യുമെന്ററി ഫീച്ചർ** – *അമേരിക്കൻ ഫാക്ടറി*
**മികച്ച അവലംബിത തിരക്കഥ** – *ടെയ്ക്ക് വെറ്റിറ്റി (ജോജോ റാബിറ്റ്)*
**മികച്ച അനിമേഷൻ ചിത്രം** – *ടോയ് സ്റ്റോറി*
**മികച്ച അനിമേഷൻ ഹ്രസ്വ ചിത്രം** – *ഹെയർ ലവ്*
**മികച്ച ഛായാഗ്രഹണം** – *റോജർ ഡീക്കിൻസ് (1917)*


**റോജർ ഡീക്കിൻസ്**
(മികച്ച ഛായാഗ്രഹണം)


**വാകീൻ ഫീനിക്സ്**
(മികച്ച നടൻ)


**ബോങ്ജൂൻ ഹോ**
(മികച്ച സംവിധായകൻ)


**റിനെ സെൽവികർ**
(മികച്ച നടി)

# പ്രതിരോധത്തിന്റെ രാവണ പക്ഷം

അഖിൽ വിജയൻ

**ജാതിയുടെയും നിറത്തിന്റെയും പേരിൽ മാറ്റിനിർത്തപ്പെട്ടവരുടെ പ്രതിരോധശബ്ദമായി ആദർശ് കുമാർ അനിയലിന്റെ 'രാവൺ' എന്ന മ്യൂസിക് വീഡിയോ. തന്റെ മകനെ കാണാനില്ല എന്ന് പറയുന്ന അച്ഛന്റെ വാക്കുകളിലൂടെ പോകുന്ന വീഡിയോ ഇതിനകം തന്നെ കയ്യടി നേടി കഴിഞ്ഞു. കളരിക്ക് വേണ്ടി സംവിധായകൻ ആദർശ് കുമാറുമായി നടത്തിയ അഭിമുഖം..**

***രാവൺ എന്ന തലക്കെട്ടിനെ പറ്റി ?***

രാവൺ എന്നത് മലയാളത്തിലാണ് ഉച്ചരിക്കപ്പെടുന്നത് ഇംഗ്ലീഷിൽ രേവൻ (Raven) എന്നാണ്. കാക്ക എന്നും കറുപ്പ് എന്നും അർത്ഥത്തിലാണ്. കാക്ക എന്ന അർത്ഥത്തിൽ ഇട്ടിട്ടുള്ളത് പഴയത് ഒക്കെ ചിക്കാനും ചികയാനും കൂട്ടം ആയിട്ട് കരയാനും എന്ന അർത്ഥത്തിലാണ്. മലയാളത്തിൽ രാവണൻ എന്ന് മനപൂർവ്വം എഴുതിയതാണ്. സമകാലിക രാഷ്ട്രീയ സാഹചര്യത്തിൽ രാവണപക്ഷം എന്നുള്ള രീതിയിൽ അതിനെ ചർച്ച ചെയ്യുന്ന സാഹചര്യത്തിൽ അത് കുറച്ച് ശരിയാണെന്ന് തോന്നിയത് കൊണ്ടാണ് ഈ തലക്കെട്ടും.

***കെവിൻ എന്നത് ഒരു ശരി അല്ലെ.. ആ ശരി അല്ലേ രാവണപക്ഷം ആ രാവണ പക്ഷത്ത് പക്ഷം ചേരുക എന്നത് അല്ലേ ശരിയായ നിലപാട്?***

കെവിൻ എന്നത് ശരി അല്ലേ എന്നല്ല. ശരിയും തെറ്റും ആപേക്ഷികം മാത്രമാണ്. നമ്മുടെ ശരി അല്ല മറ്റുള്ളവരുടെ ശരി. കെവിൻ എന്നത് ഒരു സത്യമാണ് മായ്ക്കപ്പെടാതെ സത്യം.

നമുക്ക് മുന്നിലുള്ള വല്യ ഒരു തെളിവാണ്. അതുകൊണ്ടു തന്നെ സത്യത്തോട് ഐക്യപ്പെടുക എന്നതാണ് ഇവിടെ വേണ്ടത്. ഇതിനെ മാറ്റാനും പലതും കൊണ്ട് മറയ്ക്കാനും ശ്രമിക്കും അതിന്റെ പുറത്തേയ്ക്ക് സത്യം പുറത്ത് വരുമെന്നതും. സത്യത്തെ പറ്റി സംസാരിക്കാൻ ആളുകൾ ഉണ്ടെന്നുള്ളതാണ് എന്റെ പക്ഷം. സത്യത്തിന്റെ പക്ഷമാണ് രാവണ പക്ഷം എന്ന് പറയാൻ കഴിയില്ല. കാരണം എന്റെ വായനയാണ് രാവണ പക്ഷം. അത് മറ്റൊരു രീതിയിൽ വായി ക്കുന്ന ആളുകൾ ഉണ്ടാവും. അത് കൊണ്ട് തന്നെ രാവണ പക്ഷം ശരി യാണന്നോ തെറ്റാണന്നോ അഭിപ്രായപ്പെടുന്നില്ല. എന്റെ കാഴ്ചകളും എന്റെ വിചാരങ്ങളും എന്റെ വായനയും എന്റെ ജീവിത പരിസരങ്ങളിൽ നിന്നും ഞാൻ ആർജിച്ച അറിവുകൾ കൊണ്ട് എന്നെ എത്തിച്ചത് രാവണപക്ഷത്തേക്കാണ്.

***നമ്മുടെ സമൂഹത്തിൽ ഒട്ടേറെ കപട അരാഷ്ട്രീയ വാദികൾ ഉണ്ട്. ജാതിയും മതവും പറയരുത് എന്ന് പരസ്യമായി പറയുകയും എന്നാൽ ഉള്ളിൽ ജാതി ചിന്ത ഉള്ളവരും ആയിരിക്കും. 'രാവൺ' എന്ന മ്യൂസിക് വീഡിയോ ഇറക്കുമ്പോ ഇത്തരം കാപട്യക്കാരെ ആശയപരമായി നേരിടേണ്ടി വരും എന്ന് ചിന്തിച്ചിരുന്നോ?***

ആശയപരമായി നേരിടാം എന്നൊക്കെ ചിന്തിച്ചിരുന്നു പക്ഷേ ഇത് വരെ ആരും മുന്നിലേക്ക് വന്നിട്ടില്ല. ഇങ്ങനെയുള്ള ആളുകൾ ഉണ്ടെങ്കിലും യാതൊരു തരത്തിലുള എതിർപ്പുകളുമായി മുന്നോട്ട് വന്നിട്ടില്ല. ഈ വിഷയത്തിൽ പ്രതികരിച്ചാൽ മോശമാണെന്ന് കരുതി മിണ്ടാതെ നടക്കുന്നവരാണെന്നാണ് എനിക്ക് തോന്നുന്നത്. തീർച്ചയായും എല്ലാവരുടെ ഉള്ളിലും ഈ പറയുന്ന ജാതി ഉണ്ടെന്നെ. ഒരാളെ കാണുമ്പോ അവരുടെ ജാതി ആദ്യം ചിന്തിക്കും പിന്നീട് അതിന്റെ അടിസ്ഥാനത്തിൽ ബാക്കി കാര്യങ്ങൾ ചെയ്യുന്ന വല്യ ഒരു വിഭാഗം ഇവിടുണ്ട്. ഞാൻ മനസ്സിലാകിയത് രാവണൻ ഇറങ്ങിയ ശേഷം 355 ഡിസ്‌ലൈക്ക് ഉണ്ടായിരുന്നു. രാവൺ സ്വീകരിക്കാൻ ഒരുപാട് കാരണങ്ങൾ ഉണ്ടാകാം. ചിത്രീകരണ ശൈലിയും പാട്ടിലെ രാഷ്ട്രീയമോ, എഴുത്ത് രീതികളോ ആകാം.. പക്ഷേ ഇത് സ്വീകരിക്കാതിരിക്കാൻ ഒറ്റൊറ്റ കാരണമേ ഉണ്ടാകൂ. അത് ഈ പറയുന്ന കപടതയാണ്. അതുകൊണ്ട് ആശയപരമായി നേരിടേണ്ട സമയം കഴിഞ്ഞു. ഇനി പ്രവർത്തി കൊണ്ടും, പറഞ്ഞു കൊണ്ടും നേരിടേണ്ട സമയമായി എന്നതാണ് സത്യം.

***'കാണാതെ പോയത് എന്റെ മോനെ അല്ലേ, അല്ലാതെ കോലോത്തെ പശുനെ അല്ലല്ലോ'. ഇന്നത്തെ ഇന്ത്യ അല്ലേ ഈ വരി ?***

ഈ വരി വായിക്കുമ്പോൾ സമകാലിക ഇന്ത്യയുടെ യാഥാർത്ഥ്യം മനസ്സിലാകുവാൻ സാധിച്ചുവെങ്കിൽ നിങ്ങൾ മാറി ചിന്തിച്ചു എന്നാണ് അർത്ഥം. നിങ്ങളുടെ ഉള്ളിൽ ഒരു തീ ഉണ്ടെന്നും പ്രതിരോധത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് എത്തി കഴിഞ്ഞു എന്നാണ് അർത്ഥം.



അംബുജാക്ഷനും ആദർശ് കുമാർ അനിയലും

ഇനി മനസ്സിലായിട്ടില്ല നിങ്ങൾക്ക് അത് വായിക്കുമ്പോൾ തോന്നിയിട്ടില്ല എങ്കിൽ അവരെ കൊണ്ട് തോന്നിപ്പിക്കാൻ നമുക്ക് അടുത്ത പണി ചെയ്യേണ്ടിയിരിക്കുന്നു.

***അംബേദ്കറിന്റെയും, അയ്യങ്കാളിയുടെയും രാഷ്ട്രീയം 'രാവൺ' ഏതൊക്കെ രീതിയിൽ ആണ് ചർച്ച ചെയ്യുന്നത്?***

ഉറപ്പായിട്ടും, കരഞ്ഞും നിലവിളിച്ചും നമ്മുടെ അവകാശങ്ങൾക്ക് വേണ്ടി കേണും താഴ്ന്നും വായ പൊത്തിയും മറ്റുള്ളവരുടെ മുന്നിൽ അടിമപെട്ട് ജീവിക്കേണ്ട സമയം കഴിഞ്ഞു. ഇനി നമ്മുടെ അവകാശങ്ങൾ ഉച്ചത്തിൽ സംസാരി ച്ച് നേടിയെടുക്കണം എന്നുള്ളതാണ് രാവണൻ മുന്നോട്ട് വെയ്ക്കുന്ന രാഷ്ട്രീയം. ഔദാര്യമായി കിട്ടുന്നത് നമ്മുടെ അവകാശമാണെന്നും ഇനി നമ്മൾ താഴാനും കരയാനും തയ്യാറല്ലെന്നും മുന്നോട്ടുള്ള യാത്ര ശക്തിപ്പെടുത്തേണ്ടി വന്നാലും അതി നു വേണ്ടി അംബേദ്കറും അയ്യങ്കാളിയും നമ്മുടെ മുന്നിലേയ് ക്ക് വച്ചിട്ടുള്ള ചിന്തകളെ പ്രചോദനം ആകുമെന്നാണ് എന്റെ അഭിപ്രായം. എന്നെ ഏറ്റവും കൂടുതൽ സ്വാധീനി ച്ചിട്ടുള്ളതും അയ്യങ്കാളി തന്നെയാണ്. നമ്മൾ നടക്കരുത് എന്ന് പറ യുന്ന വഴിയിലൂടെ നമ്മൾ നടക്കും. അങ്ങനെ നടന്ന് നടന്ന് നമ്മൾ എത്തേണ്ടിടത്ത് എത്തും. ഒരു മാറ്റം ഉറപ്പായിട്ടും ഉണ്ടാകണം. അതുകൊണ്ടാണ് രാവൺ പോലത്തെ നാല് മിനിട്ട് വീഡിയോ ക്യാമ്പസുകളിൽ പുതിയ തലമുറ ചർച്ച ചെയ്യുന്നത്.

***ഒളിമ്പിക്സ് വളയങ്ങളിലെ കറുത്ത വളയം മുതൽ ഇങ്ങ് കാക്ക കുളിച്ചാൽ കൊക്കാകുമോ എന്ന നമ്മുടെ പഴഞ്ചൊല്ല് വരെ വന്ന് നിൽക്കുകയാണ് 'കറുപ്പ് സമം മോശം' 'കറുപ്പ് സമം അശുദ്ധി' എന്ന ചിന്താഗതി. ഒരു രാവണിനെ കൊണ്ട് മാത്രം ഈ ചിന്താഗതിയെ തടയാൻ കഴിയുമോ?***

കറുപ്പ് സമം മോശം എന്ന് പറയുന്നത് ഒരു രാവണനെ കൊണ്ട് മാത്രം തകർക്കാൻ കഴിയുന്ന ഒന്നല്ല. അത് യൂണിവേഴ്സൽ ആയിട്ടുള്ള പ്രശ്നമാണ്. വർണ്ണവിവേചനം എന്ന് പറയുന്ന വെളുപ്പ് ഏതോ സത്യത്തിന്റെയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും വർണം ആയിട്ട് മാറുമ്പോൾ കറുപ്പ് അഴുകിനെയും ഇരുട്ടിനെയും സൂചിപ്പിക്കുന്നു എന്ന് മോശമായി ചിത്രീകരിക്കുന്നു. ഇത് കാലാകാലങ്ങളായുള്ള പ്രശ്നമാണ്. ഇത് ലോകം മുഴുവൻ മോശമായിട്ട് കാണുന്ന ഒന്നാണ്. അതൊരു രാവൺ കൊണ്ടുമാറുമെന്ന് തോന്നുന്നില്ല. എന്നാൽ ഈ നാല് മിനിറ്റ് ഏതെങ്കിലും രീതിയിൽ ചിന്തിപ്പിക്കാൻ കഴിഞ്ഞുവെങ്കിൽ ഞാൻ വിജയിച്ചു.

***അച്ഛനെ രാവണനിലേയ്ക്ക് പ്രധാന കഥാപാത്രമായി ഉൾപ്പെടുത്താൻ ഉള്ള തീരുമാനത്തെ പറ്റി?***

അച്ഛനെ ഉൾപ്പെടുത്തിയത് അദ്ദേഹം എന്ന ആർട്ടിസ്റ്റിലുള്ള, നടനിലുള്ള വിശ്വാസത്തിന്റെ പേരിലാണ്. അദ്ദേഹം ഗംഭീര നടനാണെന്ന് എനിക്ക് നേരത്തെ അറിയാമായിരുന്നു. തീയാളുന്ന മനുഷ്യനാണ്. അപ്പോൾ അങ്ങനെയൊരു തീയുള്ളപ്പോ പുറത്തുനിന്ന് എനിക്കൊരാളെ കാസറ്റ് ചെയ്യേണ്ട ആവശ്യകതയുണ്ടായിരുന്നില്ല. അച്ഛനിലുള്ള, ആർട്ടിസ്റ്റിലുള്ള വിശ്വാസം കൊണ്ട് അദ്ദേഹത്തെ കാസ്റ്റ് ചെയ്തു.

രാവൺ എന്ന മ്യൂസിക് വീഡിയോയിലെ അണിയറ പ്രവർത്തകർക്കൊപ്പം അംബുജാക്ഷൻ






# 24-ാമത് ഐ.എഫ്.എഫ്.കെ



മാമാങ്കവുമായി റിമ



ലെജൻഡറി ലിജോ



ക്യാമറ പക്ഷി.. ഗിരീഷ് ഗംഗാധരൻ



കേൾക്കുന്നുണ്ടോ?



ഒരു വിയറ്റ്നാം പടം



റിബൽ !!



ഏകനായ്...

*ചിത്രങ്ങൾ പകർത്തിയത് അഖിൽ വിജയൻ*

# അത്ഭുതമായി ഐറിഷ്മാൻ

ഫിലിം റിവ്യൂ

വിഷ്ണു ആർ




**മാ**ർട്ടിൻ സ്കോർസെസി സംവിധാനം ചെയ്ത് 2019ൽ പുറത്തിറങ്ങിയ ഹോളിവുഡ് ചലച്ചിത്രമാണ് 'ദി ഐറിഷ്മാൻ'. '*I Heard You Paint Houses*' എന്ന 'ചാൾസ് ബോൺസ്റ്റന്റെ' അമേരിക്കൻ നോൺ -ഫിക്ഷൻ നോവലിനെ ആസ്പദമാക്കിയാണ് ചിത്രം നിർമിച്ചിരിക്കുന്നത്.

അക്കാദമി അവാർഡ് ജേതാക്കളായ റോബർട്ട്-ഡെനിറോ, ജോ-പെശ്ശി എന്നിവർ 'ഗുഡ് ഫെല്ലാസിനു ശേഷം ഒരുമിക്കുന്ന സ്കോർസെസി ചിത്രം കൂടിയാണ് 'ദി ഐറിഷ്മാൻ' ;ഇവരെ കൂടാതെ ചിത്രത്തിൽ അൽ -പാച്ചിനോ, ബോബി കന്നവെൽ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപിച്ചിരിക്കുന്നു.

എഴുപതു വയസിനു മുകളിൽ പ്രായമുള്ള അഭിനേതാക്കൾ കേന്ദ്ര കഥാപാത്രങ്ങളായി വരുന്ന ഈ ഗ്യാങ്സ്റ്റർ ചിത്രത്തിൽ 'സിജിഐ' സാങ്കേതികവിദ്യ ഉപയോഗിച്ച് 40 വയസ് വരെ പ്രായം കുറച്ചിരിക്കുന്നതായി കാണാം. അഞ്ച് പതിറ്റാുകളിലായാണ് കഥ നടക്കുന്നത്. 'ഫ്രാങ്ക്- ഐറിഷ്മാൻ -ഷീറൻ' എന്ന 'ഫ്രാങ്ക് ഷീറൻ' ഉന്നതനായ ഒരു മാഫിയ തലവനായി മാറുന്ന കഥ അദ്ദേഹത്തിന്റെ ഓർമകളിലൂടെ പുരോഗമിക്കുന്നു. രണ്ടാം ലോക മഹായുദ്ധ കാലത്തിലെ സൈനികനായിരുന്ന ഷീറൻ അവിചാരിതമായി 'റസ്സൽ ബഫലിനോ' എന്ന മാഫിയ സംഘത്തലവനെ കണ്ടുമുട്ടുന്നു. ബഫലിനോയ്ക്കായി കുറ്റകൃത്യങ്ങൾ ചെയ്തു തുടങ്ങുന്ന ഷീറൻ 'ജിമ്മി ഹോഫ' എന്ന യൂണിയൻ തലവനെ പരിചയപ്പെടുന്നു. ഹോഫയുടെ ഇപ്പോഴും ചുരുളഴിയാത്ത രഹസ്യ തിരോധാനം കഥയിൽ ഒരു പ്രധാന വഴിത്തിരിവാണ്. അതോടുകൂടെ കഥ കൂടുതൽ അഭിനയസമ്പുഷ്ടമായി മുന്നോട്ട് പോകുന്നു. യഥാർത്ഥ സംഭവങ്ങളെ ആസ്പദമാക്കി നിർമിച്ചിരിക്കുന്ന ഈ ചിത്രത്തിൽ ഓരോ കഥാപാത്രങ്ങളെയും അവരവരുടേതായ ശരികളിലൂടെയാണ് സ്കോർസേസി അവതരിപ്പിച്ചിരിക്കുന്നത്.

ജിമ്മി ഹോഫയും ഷീറന്റെ മകളും ആയുള്ള ബന്ധവും, ഷീറന് ഹോഫയും, ബഫലിനോയും ആയുള്ള സൗഹൃദവും തുടങ്ങി വൈകാരികതയ്ക്ക് സംവിധായകൻ നൽകുന്ന പ്രാധാന്യം ചിത്രത്തിലെ കൊലപാതകങ്ങളിലും, കുറ്റകൃത്യങ്ങളിലും പ്രകടമാണ്.

പ്രധാന കഥാപാത്രമായ ഫ്രാങ്ക് ഷീറനെ റോബർട്ട് ഡെനി റോ ആണ് അവതരിപ്പിച്ചിരിക്കുന്നത് ജിമ്മി ഹോഫയായി അൽ-പാച്ചിനോയും റസ്സൽ ബഫലിനോയായി ജോ പെശ്ശിയും സ്വതസിദ്ധമായ പ്രകടനം കാഴ്ചവെച്ചിരിക്കുന്നു. തിരക്കഥയോട് കൂറുപുലർത്തുന്ന സ്കോർസെസി ശൈലിയിലുള്ള മൂന്നര മണിക്കൂറാണ് ചിത്രം. മികച്ച ചിത്രം, മികച്ച സംവിധായകൻ അടക്കം മൂന്നു ഓസ്കർ നോമിനേഷനുകൾക്ക് 'ദി ഐറിഷ്മാൻ' അർഹത നേടി.

സ്കോർസെസി ആരാധകരെ സംതൃപ്തിപെടുത്തുന്ന ചിത്രം ഡെനി റോ, പെശ്ശി, അൽ-പാച്ചിനോ ആരാധകർക്കും സമാന അനുഭവം നൽകും.

# ആൻസി കി ഫെൻസിങ്

**രാകേന്ദു എസ് ആർ**

**നീ**ണ്ട മുടിയും മലയാളത്തനിമയാർന്ന മുഖവും കണ്ടാൽ ആരും ഒന്നു രണ്ടാമത് ചോദിച്ചുപോകും, കായികതാരം തന്നെയാണോ? അല്ലെങ്കിലും തന്നെ വിലയിരുത്തുന്നവരെയും വിലകുറച്ച് കാണുന്നവരെയും അത്ഭുതപ്പെടുത്തുക എന്നത് ആൻസിയുടെ ശീലമാണ്.

2019 2020 ഇന്ത്യ ഇന്റർ-യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ 122 പേരിൽനിന്ന് പതിനാറാം സ്ഥാനം കരസ്ഥമാക്കി ചണ്ഡിഗട്ടിൽ നിന്നും പലരെയും അത്ഭുതപ്പെടുത്തിയാണ് ആൻസി മടങ്ങിയത്. കൊച്ചുപുരയ്ക്കൽ വീട്ടിൽ കെ ജി ജോസിന്റെയും ഹെലൻ ജോസിന്റെയും മകളാണ് ആൻസി കെ ജോസ് എന്ന 23 വയസ്സുകാരി. തിരുവനന്തപുരത്തെ അമ്പൂരിയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ആൻസി കെ ജോസ് അധികമാരും കേട്ടിട്ടില്ലാത്ത ഫെൻസിങ് ഫീൽഡിലേക്ക് എത്തിയതിനു പിന്നിൽ ഒരു വാശിയുടെ കഥയുണ്ട്. താൻ കൂടി പങ്കെടുത്ത റിലേ ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ തനിക്ക് കിട്ടേണ്ട സർട്ടിഫിക്കറ്റ് മറ്റൊരു കുട്ടിക്ക് കൊടുത്തപ്പോൾ അത് തിരുത്താൻ തയ്യാറാകാത്ത അധികൃതരോട് ഉള്ള വാശിയാണ് ഇന്ന് ഈ കായികതാരത്തിന്റെ വളർച്ചയ്ക്ക് പ്രേരണയായത്. മറ്റേതെങ്കിലും കായിക ഇനത്തിൽ പങ്കെടുക്കണം എന്ന് കരുതി സെലക്ഷന് പോയ ആൻസി അപ്രതീക്ഷിതമായാണ് അങ്ങനെ ഫെൻസിങ് തെരഞ്ഞെടുത്തത്.

പഠനത്തിനൊപ്പം ഫെൻസിങ്ങും മുന്നോട്ടുകൊണ്ടുപോകാനുള്ള സൗകര്യത്തിനായി ആൻസി വയനാട് കൽപ്പറ്റ എൻ.എം.എസ്.എം ഗവൺമെൻറ് കോളേജിൽ ബിഎ ജേർണലിസത്തിനു പ്രവേശനം നേടി. രജിഷ്ണ ശ്യാമൾ ആയിരുന്നു ആൻസിയുടെ കോച്ച്. കുറഞ്ഞ കാലയളവിൽ തന്നെ ആൻസി ഫെൻസിങ്ങിന്റെ ചടുല നീക്കങ്ങൾ തന്റെ കൈപ്പിടിയിലാക്കി. തുടർന്ന് 2016, 2017, 2018 വർഷങ്ങളിൽ വയനാടിനെ പ്രതിനിധീകരിച്ചു കേരള ഫെൻസിങ് അസോസിയേഷൻ മത്സരത്തിൽ ടീം ഇനത്തിൽ വെങ്കല മെഡൽ നേടി. 2016ലെ തന്നെ കാലിക്കറ്റ് ഇന്റർ കൊളിജിയറ്റ് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ഫോയിൽ ഇനത്തിൽ വെള്ളി മെഡൽ കരസ്ഥമാക്കി. തൊട്ടടുത്ത വർഷം ഇതേ ഇനത്തിൽ വെള്ളി സ്വർണം ആക്കി മാറ്റി തന്റെ മെഡലുകളുടെ പട്ടിക ആൻസി വലുതാക്കി. അടുത്ത വർഷവും സ്വർണനേട്ടം ആവർത്തിച്ച് ആൻസി ഓൾ ഇന്ത്യ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ മത്സരിക്കാൻ യോഗ്യതയും നേടി.



ആൻസി കെ ജോസ്

2016ൽ ബിഎ പഠനം പൂർത്തിയാക്കി വയനാട്ടിൽ നിന്നും മടങ്ങുമ്പോൾ ആൻസി തനിക്ക് നഷ്ടപ്പെട്ട ഒരു സർട്ടിഫിക്കറ്റിന് പകരം അമ്പൂരിയിലേക്ക് കൊണ്ടുവന്നത് ഒരു ഡസൻ മെഡലുകളും സർട്ടിഫിക്കറ്റുകളുമാണ്.

ഉപരിപഠനത്തിനായി ആൻസി കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ കമ്മ്യൂണിക്കേഷൻ & ജേർണലിസം വിഭാഗത്തിൽ ചേർന്നപ്പോഴും ഫെൻസിങ് ഒപ്പമുണ്ടായിരുന്നു. 2019-2020 വർഷത്തെ കേരള ഫെൻസിങ് അസോസിയേഷൻ മത്സരത്തിൽ ഇത്തവണ തിരുവനന്തപുരത്തെ പ്രതിനിധീകരിച്ചു മെഡൽ നേടി. തുടർന്ന് കേരള യൂണിവേഴ്സിറ്റി ഇന്റർ കോളേജ് ചാമ്പ്യൻഷിപ്പിൽ ഫോയിൽ ഇനത്തിൽ സ്വർണവും വെങ്കലവും നേടി. ഇത്തവണ ആൻസിക്ക് വഴികാട്ടിയും പ്രചോദനവുമായി ഒപ്പമുണ്ടായിരുന്നത് കോച്ചായ അഡ്വ. രാധാകൃഷ്ണനായിരുന്നു. ഫെൻസിംഗ് കേരളത്തിലേക്ക് കൊണ്ടുവന്ന പ്രധാനികളിൽ ഒരാളാണ്അഡ്വ.രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ 2019 2020 ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ കേരള സർവകലാശാലയെ പ്രതിനിധീകരിച്ചു പോയ ആൻസി 122 മത്സരാർത്ഥികളിൽ പതിനാറാം സ്ഥാനത്തെത്തി.പരിമിതികൾക്കുള്ളിൽ നി ന്നുകൊണ്ട് കഠിനാധ്വാനവും കഴിവും കൊണ്ട് ഈ പെൺകുട്ടി നേടിയെടുത്ത സ്വപ്ന തുല്യമായ നേട്ടമാണിത്.

എന്നാൽ അർഹിച്ച അഭിനന്ദനമോ അംഗീകാരമോ ഈ പെൺകുട്ടിയെ തേടിയെത്തിയില്ലയെന്നുള്ളത് സങ്കടമാണ്. ഫെൻസിങ് എന്ന കായികയിനം എത്രമാത്രം മലയാളികൾക്ക് അപരിചിതമാണ് എന്നതിന് തെളിവാണ് ആൻസി എന്ന കായികതാരത്തിന് കിട്ടാതെ പോയ അംഗീകാരവും പ്രശസ്തി യും. രണ്ടര ലക്ഷത്തിലേറെ ചെലവുവരുന്ന ഡ്രസ്സും ആയുധങ്ങളും ആൻസിയ്ക്ക് താങ്ങാവു ന്നതിലും അപ്പുറമാണ്. യാത്രാചിലവിനും മറ്റുള്ള ചിലവുകൾക്കും തനിക്ക് കിട്ടേണ്ട തുക കിട്ടാത്തതിനാൽ സ്വന്തം കയ്യിൽ നിന്നും ചിലവാക്കേണ്ട അവസ്ഥയിലാണ് ആൻസി. എന്നാലും ഫെൻസിങ് ഉപേക്ഷിക്കാൻ തയ്യാറല്ല.

സ്ഥിരമായ ഒരു ജോലിയും വരുമാനവും ആഗ്രഹം ആണെങ്കിലും ഫെൻസിങ് കൊണ്ടുപോകാവുന്നിടത്തോളം കാലം കൂടെ കൊണ്ട് നടക്കണമെന്നാണ് ആൻസിയുടെ ആഗ്രഹം. 45 വയസ്സ് വരെ കേരള ഫെൻസിങ് അസോസിയേഷൻ മത്സരങ്ങളിൽ പങ്കെടുക്കാനും ഓരോതവണയും തന്റെ മികച്ച പ്രകടനങ്ങൾ പുറത്തെടുക്കാനും ആൻസി ഉറപ്പിച്ചിരിക്കുകയാണ്. അതിനുശേഷം താൻ സ്വായത്തമാക്കിയ ഫെൻസിങ് എന്ന ചടുലമായ കായിക ഇനം വരും തലമുറയ്ക്ക് പകർന്നു നൽകുവാൻ ആൻസി ആഗ്രഹിക്കുന്നു. അടുത്ത് തന്നെ നടക്കുന്ന ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ കേരള സർവകലാശാലയുടെ മെഡൽ പ്രതീക്ഷയാണ് ആൻസി. അതിനായുള്ള പരിശീലനത്തിലാണ് ആൻസി ഇപ്പോൾ.

ആഗ്രഹിച്ചത് കിട്ടാതെ പോയപ്പോൾ കഠിനാധ്വാനം കൊണ്ടും കഴിവു കൊണ്ടും നേട്ടങ്ങൾ കരസ്ഥമാക്കിയ വാശിക്കാരിയായ ആൻസി വളർന്നു വരുന്ന ഓരോ പെൺകുട്ടിക്കും, ഓരോ കായികതാരത്തിനും പ്രചോദനമാണ്. നഷ്ടങ്ങളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ തന്റെ കഴിവ് കൊണ്ട് അവയെ മറികടന്ന് വിജയവും, അഭിമാനവും സഹനവും കള്ള ചിരിയിൽ ഒളിപ്പിച്ചു വെച്ച് നടന്നുനീങ്ങുന്ന ആൻസി അടുത്ത എതിരാളിയെ നേരിടാനായി കാത്തിരിക്കുകയാണ്.

# ആത്മാക്കളുടെ കാവൽക്കാരൻ

**അശ്വതി ആർ എം**

**കാ**ശിയിലാണ് ഏറ്റവും അധികം ശവശരീരങ്ങൾ കത്തിയുരുകുന്നത്. കാശി കഴിഞ്ഞാൽ ഏറ്റവും അധികം ശരീരങ്ങൾ കത്തുന്ന സ്ഥലമാണ് ഐവർമഠം. കേരളത്തിന്റെ ഈ മഹാശ്മശാനത്തിനും ഒരു കാവൽക്കാരനുണ്ട് രമേശ് കോരപ്പാത്ത്. ഊണിലും ഉറക്കത്തിലും മരണ വാർത്ത വിളിച്ചു പറയുന്ന ഫോൺ വിളികൾ. ഒന്നിനു പിറകെ ഒന്നായി പാഞ്ഞെത്തുന്ന ആംബുലൻസുകളും ഒരിക്കലും തീയണയാത്ത ചുടലപറമ്പിലെ ജീവിതവും. മരണത്തിന്റെ ലോകത്താണ് കഴിഞ്ഞ ഇരുപതു വർഷമായി രമേശ് തൊഴിലെന്ന രീതിയിൽ ഒരാളും തിരഞ്ഞെടുക്കാത്ത വഴി; ഓണമെന്നോ വിഷുവെന്നോ ഒഴിവു പറയാൻ കഴിയില്ല.

വി.കെ.എൻ, ഒ.വി.വിജയൻ, ലോഹിതദാസ്, ഒടുവിൽ ഉണ്ണികൃഷ്ണൻ തുടങ്ങിയവരുടെ സൗഹൃദത്തിൽ നിന്നാണ് രമേശ് എന്ന ചെറുപ്പക്കാരൻ ഈ ചുടലപറമ്പിലേക്ക് നടന്നു കയറിയത്. ജീവിത പ്രാരാബ്ധം കൊണ്ട് ഏറ്റെടുത്ത ഒരു ജോലിയല്ലിത്. അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ നിയോഗം. ചരിത്രത്തിലും സാമ്പത്തിക ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം. അദ്ധ്യാപകൻ ആകണമെന്നായിരുന്നു മോഹം. ബി. എഡ് പ്രവേശനത്തിന് വലിയ തുക ആകുമെന്നറിഞ്ഞപ്പോൾ പശുവിനെ വളർത്തിയും, പുല്ലരിഞ്ഞും ജീവിക്കുന്ന കുടുംബത്തെ ഓർമ വന്നു, അതോടെ ആ ആഗ്രഹം ഉപേക്ഷിച്ചു. കുറച്ചു നാൾ പത്രപ്രവർത്തകനായി പിന്നെ പാരലൽ കോളേജ് അദ്ധ്യാപകൻ പിന്നീട് അത് മടുത്തപ്പോൾ സൈന്യത്തിൽ ചേർന്നു പിന്നെ അതും മതിയാക്കി. മരണവും മരണാന്തര ജീവിതവുമായി പിന്നെ ജീവിതത്തിലും ചിതയിലെരിയുന്ന ജഡങ്ങൾ നോക്കി നിൽക്കുമ്പോഴൊക്കെ ഓർമ വന്നു 'ജീവിച്ചിരിക്കുന്നവരേക്കാൾ മരിച്ചവരുടെ ലോകമാണിതെന്ന് 'അനാഥ ജന്മങ്ങൾക്ക് പിണ്ഡമിടാനും, ചിതകൾക്ക് കാവലിരിക്കാനും ഈ യുവാവിനെ നയിച്ചത് ആ നിയോ ഗം. മറ്റു മക്കളെല്ലാം സർക്കാർ ജോലി ചെയ്യുമ്പോൾ ഒരു മകൻ മാത്രം ചണ്ഡാല വൃത്തി ഏറ്റെടുക്കുന്നതു നിസ്സഹായായ ആ അമ്മയ്ക്ക് കാണേണ്ടി വന്നു. പിന്നെ അത് ഒരു നിയോഗമായി കാണാൻ ശ്രമിച്ചു. ഐവർമഠത്തിലെ കാവൽക്കാരന് നമസ്കാരം പറയാനും, കൂടെ ഇരുന്ന് ഭക്ഷണം കഴിക്കാനും മടിക്കുന്ന ഒരു കൂട്ടം ആളുകളിന്നുമുണ്ട്.



ചുടലപ്പറമ്പിൽ നിൽക്കുന്ന രമേശ് കോരപ്പാത്ത്.

അതൊരു തമാശയായി തന്നെ രമേശ് കണക്കാക്കുന്നു. 'ശരീരം ഉപേക്ഷിച്ചു പോയവരുടെ സാന്നിധ്യം, അറിയേണ്ടവർ അറിയുമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. 'മരണത്തെ മനസിലാക്കുന്നവൻ നിർഭയനാകും. അവനെ പേടിപ്പിക്കുന്ന ഒന്നും തന്നെ ഈ പ്രപഞ്ചത്തിലില്ല. തപസ്സു ചെയ്ത് നേടുന്നതിലും വലിയ അറിവ് നൽകും ചുടലപ്പറമ്പ്. അത്രയും പറയാനുണ്ട് അനുഭവങ്ങളിൽ നിന്നും രമേശിന്.

മരണത്തിനു ജാതി ഭേദമില്ല. വർണ്ണ വ്യത്യാസവുമില്ല. മരിച്ചു കഴിഞ്ഞാൽ എല്ലാവരും ജഡം മാത്രം. ഒരു ശ്വാസത്തിന് മുൻപും പിൻപുമുള്ള ഒരു അവസ്ഥ. അനാഥ ശരീരങ്ങളെ രമേശിന്റെ ഐവർമഠത്തിൽ പൂർണ്ണ കർമങ്ങളോടുകൂടി ചിതയൊരുക്കുന്നത്. അതിനുശേഷം അവരുടെ അസ്ഥി പെറുക്കി സൂക്ഷിച്ചു, വർഷത്തിൽ ഒരിക്കൽ കാശിയിൽ കൊണ്ട് പോയി ഒഴുക്കുന്നു. ഏറ്റവും അടുപ്പമുള്ള വി.കെ.എന്നിനെയും ഒടുവിൽ ഉണ്ണികൃഷ്ണനെയും ഒ.വി വിജയനെയും കത്തിച്ചത് രമേശ് തന്നെ. ഗോവിന്ദച്ചാമി തകർത്തു കളഞ്ഞ സ്വപ്നവുമായി സൗമ്യ ഉറങ്ങാൻ വന്നതും രമേശിന്റെ ചുടല പറമ്പിൽ. ഇവിടത്തെ കാഴ്ചകളുടെ വിരക്തി വ്യക്തി ജീവിതത്തിലുമുണ്ട്, പക്ഷെ കർമങ്ങളിൽ വിട്ടു വീഴ്ചയില്ല. നൂറോളം പശുക്കളുടെ പരിപാലകൻ കൂടിയാണ് രമേശ്. ഒപ്പം കലയെയും സാഹിത്യത്തെയും പ്രകൃതിയെയും സ്നേഹിക്കുന്ന ഒരു വിശ്വമാനവനും.

# തിരുമ്പി വന്തിട്ടേന്ന് സൊല്ല്

## ഓർമ്മയുടെ ഓളങ്ങളിൽ DCJ

ഗോപിക പ്രകാശ്

പ്രായം എന്നത് അക്കങ്ങൾ മാത്രമാകുമ്പോൾ അറുപതിനോടടുക്കുന്ന ജോർജ്കുട്ടിക്ക് ഇരുപതുകാരൻ അമലിനെക്കാൾ ചുറുചുറുക്ക്. ഒരേ കലാലയത്തിൽ പല വർഷങ്ങളിലായി പഠിച്ചിറങ്ങിയവർ തമാശകളും പരിഭവങ്ങളും പോയകാലത്തെ ഓർമ്മകളും പങ്കുവെച്ചു അറുപതോളം പേർ. അതിനെല്ലാം ചുക്കാൻപിടിച്ച ഒരുകൂട്ടം പുതുതലമുറക്കാരും.കേരള സർവകലാശാലയിലെ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിന്റെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി സെനറ്റ് ചേംബറിൽ നടത്തിയ ഗ്രാൻഡ് അലുംനി മീറ്റിൽ നിന്നുള്ള കാഴ്ചകളാണ് ഇവയെല്ലാം.

1976 പ്രൊഫ.മാക്സ്വെൽ ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ ജേർണലിസം വകുപ്പ് കേരളത്തിലെ മാധ്യമ മേഖലയ്ക്ക് വിലപ്പെട്ട നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. വകുപ്പ് മേധാവിയായ ഡോ. ലാൽമോഹന്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച ചടങ്ങിൽ സർവ്വകലാശാല പ്രൊ വൈസ് ചാൻസിലർ പ്രൊഫ. പി പി അജയ് കുമാർ മുഖ്യാതിഥിയായി എത്തി. ആദ്യ ബാച്ച് വിദ്യാർത്ഥിയും പ്രമുഖ മാധ്യമപ്രവർത്തകനുമായ ജേക്കബ് ജോർജ് ആണ് ചടങ്ങിന് അധ്യക്ഷസ്ഥാനം വഹിച്ചത്. അലുമിനി അസോസിയേഷൻ ജനറൽ സെക്രട്ടറി കൂടിയായ അദ്ദേഹം കൂട്ടായ്മയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.



**ഒരുവട്ടം കൂടി....:** *കാര്യവട്ടം ക്യാമ്പസിലെ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം പൂർവ്വവിദ്യാർത്ഥികൾ ഒത്തുകൂടിയപ്പോൾ. ചിത്രം പകർത്തിയത്: ലീൻ തോബിയാസ്*

രജിസ്ട്രാർ പ്രൊഫ. സി ആർ പ്രസാദ്, സിൻഡിക്കേറ്റ് അംഗം ഡോ. എസ് നസീബ് എന്നിവർ ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ അറിയിച്ചു. ടൈംസ് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം ബ്യൂറോ ചീഫ് ശ്രീജന്റെ നന്ദി പ്രകാശനത്തോടെ ഔപചാരിക ചടങ്ങുകൾക്ക് വിരാമമായി. 1977 മുതൽ 2020 വരെയുള്ള എല്ലാ അംഗങ്ങളും സ്വയം പരിചയപ്പെടുത്തുകയും കലാലയ സ്മരണകൾ പങ്കുവയ്ക്കുകയും ചെയ്തു. പാതി വഴിയിൽ ഈ കുടുംബത്തിന് നഷ്ടമായ വരെ കുറിച്ചുള്ള അനുശോചനപ്രമേയം ജോ ജോസഫ് തായങ്കരി അവതരിപ്പിച്ചത് ഏവരുടെയും കണ്ണുകൾ ഈറനണിയിച്ചു. മാധ്യമ രംഗത്തെ പുതിയ പ്രവണതകളെയും തൊഴിൽമേഖലയിലെ പൊതു അവസരങ്ങളെയും കുറിച്ചുള്ള എസ് രാധാകൃഷ്ണന്റെ വാക്കുകൾ പുതുതലമുറക്കാരായ വിദ്യാർത്ഥികളിൽ കൗതുകം നിറച്ചു. കുത്തരി ചോറും കറികളും പിന്നീട് പായസവും കൂടിയുള്ള ഉച്ചയൂണും കഴിഞ്ഞ് ഒരു ഓർമ്മ ചിത്രത്തിന് പോസ് ചെയ്യുമ്പോൾ അവരുടെ മുഖത്ത് ഇരട്ടി സന്തോഷം. പൂർവ്വ വിദ്യാർത്ഥിയായ ജി സുരേഷ് കുമാറിനെ ഗാനത്തോടെ ആരംഭിച്ച അടുത്ത സെഷൻ കൂടുതൽ ഉഷാറാക്കാൻ നിലവിലുള്ള ബാച്ചിലെ അമലിന്റെ മാജിക് ഷോയും ഉണ്ടായി. കാണികളിൽ ചിരിയും കൗതുകം നിറച്ച പരിപാടിക്ക് ശേഷം നടന്ന ഓപ്പൺ ഫോറം അന്തരീക്ഷം വീണ്ടും ചൂടുപിടിപ്പിച്ചു. അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഒടുവിൽ പിഎസ്സിക്ക് സമർപ്പിക്കാനായി എസ് രാധാകൃഷ്ണൻ അംഗങ്ങൾക്ക് മുന്നിൽ കരട് രേഖ അവതരിപ്പിച്ചു. പ്രൊഫ. മാക്സ്വൽ ഫെർണാണ്ടസിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരങ്ങൾക്കായി പത്രപ്രവർത്തനത്തിലെ പുതുവഴികൾ തേടുന്ന ‘അഴിമുഖത്തിനെയും‘, ‘ദ ക്യൂ‘വിനെയും തെരഞ്ഞെടുത്തു. അസോസിയേഷന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തതോടെ ഈ വർഷത്തെ കൂട്ടായ്മയ്ക്ക് പര്യവസാനം...

# കഥയല്ലിത് ജീവിതം


ആയിഷ എൻ

കഥാപ്രസംഗത്തിന്റെ തനിമ അന്യംനിന്നുപോകുന്ന ഈ കാലത്ത് നമുക്കുമുന്നിൽ 46 വർഷത്തെ കലാ ജീവിതം ഉഴിഞ്ഞുവെച്ച അതുല്യ കലാകാരനാണ് കൊല്ലം പ്രസാദ്.

ദളിതനെന്ന കാരണത്താൽ വേദികളിൽ നിന്ന് മാറ്റിനിർത്തപ്പെടുമ്പോഴും, മാനസിക സംഘർഷങ്ങളിൽപ്പെട്ടുഴലുമ്പോഴും, ജീവിതത്തിൽ തളരാതെ, കാഥിക കലയിലൂടെ നേട്ടങ്ങൾ കൈവരിച്ച കലാകാരൻ.സ്കൂൾ കലോത്സവങ്ങളിലെ മിമിക്രി വേദികളിലൂടെയാണ് പ്രസാദ് കലാരംഗത്തേക്ക് വരുന്നത്. പതിനാലാമത്തെ വയസ്സിലാണ് കഥാപ്രസംഗം ആരംഭിക്കുന്നത്. അന്നുതന്നെ കുട്ടി കാഥികൻ എന്ന പേരിൽ പ്രശംസയും പുരസ്കാരങ്ങളും ലഭിച്ചു, ഒപ്പം നാട്ടുകാരുടെ പിന്തുണയും.


101 തൂണിൽ 101 കുട്ടികളെ കുരുതികഴിച്ചിട്ട് പാലമുണ്ടാക്കി തീവണ്ടി കടന്നുപോകുന്ന ഒരു ചിത്രീകരണ ശൈലിയിലുള്ള കുരുതിപാലം എന്ന കഥാപ്രസംഗമാണ് ആദ്യ അവതരണം. തീരം മറുതീരം, കുഞ്ഞുകുഞ്ഞു മാക്രികൾ, കുളക്കരയിലെ മാക്രികൾ എന്നിങ്ങനെ ഹാസ്യരൂപേണയുള്ള കഥാപ്രസംഗങ്ങളും ചെയ്തു. അക്കാലത്തെ തിരക്കേറിയ കാഥികൻമാരായ വി.ഡി. രാജപ്പൻ, കലാഭവൻ മണി, സദാനന്ദൻ സാംബശിവൻ എന്നിവരുടെ ഇടയിലേക്കാണ് പ്രസാദ് കടന്നുവരുന്നത്. ആറ്-ഏഴ് മാസത്തോളം കൊച്ചിൻ ചിദംബരത്തി ന്റെ ശിക്ഷണത്തിൽ ശാസ്ത്രീയസംഗീതവും പഠിച്ചു.

അമ്മ ലോട്ടറി കച്ചവടം നടത്തിയും അച്ഛൻ ചായക്കച്ചവടം നടത്തിയുമാണ് കുടുംബം നയിച്ചത്, എങ്കിലും ആരെയും ബുദ്ധിമുട്ടിക്കാതെ സ്വന്തം കാലിൽ നിൽക്കണം എന്ന് തന്നെയായിരുന്നു ആഗ്രഹമെന്ന് പ്രസാദ് പറയുന്നു. “സവർണ്ണ ഫാസിസ്റ്റുകളുടെ അവജ്ഞ, അസൂയ എല്ലാം എനിക്കൊരു വേദനയായിരുന്നു. പക്ഷേ തളർന്നില്ല. മരച്ചീനി വിറ്റും, ചായ കച്ചവടം നടത്തിയും സ്വന്തമായി വരുമാനം കണ്ടെത്തി,എന്നെ അറപ്പോടെ കണ്ടവർക്ക് മുന്നിൽ തിരിച്ചൊരു കയ്യടി ശബ്ദം ഉയരണം എന്ന വാശിയോടെ തളരാതെ പിടിച്ചു നിന്നു” പ്രസാദ് പറയുന്നു.



*കാഥികൻ കൊല്ലം പ്രസാദ്*







**കാലം കഥപറയുമ്പോൾ:** *കാഥികൻ കൊല്ലം പ്രസാദ് തന്റെ ചായക്കടയിൽ*

മലപ്പുറം, തിരുനാവായ ആലുവ എന്നിവിടങ്ങളിൽ കഥാപ്രസംഗങ്ങളും ഒപ്പം ഗാനമേളകളും നടത്തി.. ഐടിഐ വരെ പഠിച്ചു, എങ്കിലും പഠനത്തിനും അപ്പുറം കലയായിരുന്നു സ്വപ്നം.. ജാതി കാരണത്താൽ ക്ഷേത്ര പരിപാടികളിൽ നിന്നും സ്വയം മാറി നിന്നു.

പട്ടത്താനം അമ്മ നടയിൽ ചന്ദനത്തോപ്പ് സിസ്റ്റേഴ്സ് നാദസ്വരക്കച്ചേരിക്കൊപ്പം ’ഉദയം കിഴക്കു തന്നെ’ എന്ന കഥാപ്രസംഗം അവതരിപ്പിക്കാനും 2014ൽ അവസരം ലഭിച്ചു. മാധ്യമങ്ങളിൽ നിറഞ്ഞു നിന്നിരുന്ന ആടമ്മ കൊലക്കേസിനെ ആസ്പദമാക്കി തയ്യാറാക്കിയ ‘ശവക്കോട്ടയിൽ ഒറ്റയ്ക്കൊരു സ്ത്രീ’ എന്ന കഥാപ്രസംഗം ജനശ്രദ്ധയാർജ്ജിച്ചു.

മലപ്പുറം തിരൂരങ്ങാടി കോടതിയിൽ അഡ്വക്കേറ്റ് ഹംസയോടൊപ്പം ഗുമസ്തനായി ജോലി ചെയ്തു. കൂടാതെ 40 വർഷമായിട്ട് കൊല്ലം, തിരുവനന്തപുരം വഞ്ചിയൂർ, എറണാകുളം ഹൈക്കോടതിയിൽ ഗുമസ്തനായിരുന്നു.പകൽ മുഴുവൻ വക്കീൽ ഗുമസ്തനായും,വൈകുന്നേരങ്ങളിൽ ചായ കച്ചവടം നടത്തിയുമാണ് അദ്ദേഹത്തിന്റെ ഒരു ദിവസം പൂർത്തിയാവുന്നത്

അർഹമായ അംഗീകാരങ്ങളോ പ്രോത്സാഹനമോ ലഭിക്കാത്തതിനാൽ ജീവനായ് കരുതിയ കലയെ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു അദ്ദേഹത്തിന്. ആവണീശ്വരത്ത് രണ്ട് ആൺമക്കളും ഭാര്യയുമടങ്ങുന്ന കുടുംബം. വൈകിട്ട് ആറ് മണി മുതൽ രാത്രി 12 മണിവരെ ലഘുഭക്ഷണം വിളമ്പി ഒരു ചായക്കട. വസ്ത്രധാരണത്തിലോ കാഴ്ചയിലോ പ്രശസ്തിയോ പെരുമയോ ഇല്ലാത്ത സാധാ മനുഷ്യനായ ഒരറുപതുകാരൻ... കാഥികൻ കൊല്ലം പ്രസാദ്.


### എഡിറ്റോറിയൽ ടീം

**ചീഫ് എഡിറ്റർ:** *ഡോ. പി. ലാൽമോഹൻ*
**ഇഷ്യൂ എഡിറ്റർ:** *ഡോ. എം.എസ്. ഹരികുമാർ*
**എഡിറ്റോറിയൽ:** *അദ്വൈത് മിലൻ*
**എഡിറ്റോറിയൽ ബോർഡ്:**
*വിഷ്ണു ആർ, ആർഷ വിജയൻ,*
*ഗോപിക പ്രകാശ്*
**ഫോട്ടോ:** *അഖിൽ വിജയൻ*
**ഡിസൈൻ:** *അജെ മോഹൻ*